പൊതുവിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം.

EX-II/01/6990/HSE/2021

തീയതി : 29/07/2021

# സർക്കുലർ

വിഷയം :- ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷ സെപ്തംബർ 2021 - സപ്ലിമെന്ററി/ ലാറ്ററൽ എൻട്രി/റീ അഡ്മിഷൻ പരീക്ഷാർത്ഥികൾക്ക് പരീക്ഷാ ഫീസ് ഒടുക്കുന്നതിനുള്ള തീയതി - സംബന്ധിച്ച്.

സൂചന :- 28/05/2021 - ലെ EX-II/01/24300/HSE/2020 (1) നമ്പർ പരീക്ഷാവിജ്ഞാപനം.

2021 സെപ്തംബർ 6 - ന് ആരംഭിക്കുന്ന ഒന്നാം വർഷ പരീക്ഷയ്ക്ക് സപ്ലിമെന്ററി/ ലാറ്ററൽ എൻട്രി/റീ അഡ്മിഷൻ പരീക്ഷാർത്ഥികൾക്ക് പരീക്ഷാ ഫീസ് **03/08/2021** മുതൽ ഒടുക്കി ടി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. കമ്പാർട്ട്മെന്റൽ വിദ്യാർത്ഥികൾക്ക് മാത്രം 2021 - ലെ ഒന്നാംവർഷ ഹയർസെക്കന്ററി പരീക്ഷയ്ക്ക് ഒറ്റത്തവണ രജിസ്ട്രേഷനാണ് നൽകുന്നത്. അവർ ടി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന വിഷയത്തിൽ, 2021- ലെ ഒന്നാംവർഷ ഹയർസെക്കന്ററി പരീക്ഷയ്ക്കും മാർച്ച് 2022- ലെ രണ്ടാംവർഷ പരീക്ഷയ്ക്കും രജിസ്റ്റർ ചെയ്യപ്പെടും. പരീക്ഷയെഴുതുന്ന വിഷയത്തിന്റെ 2021-ലെ ഒന്നാംവർഷ ഹയർസെക്കന്ററി പരീക്ഷാഫീസും മാർച്ച് 2022-ലെ രണ്ടാംവർഷ ഹയർ സെക്കന്ററി പരീക്ഷാഫീസും ഒന്നിച്ച് ഒടുക്കേണ്ടതാണ്.

**ഒന്നാം വർഷ ഹയർസെക്കന്ററി പരീക്ഷാ ഫീസ്**

| ലാറ്ററൽ എൻട്രി/റീ അഡ്മിഷൻ പരീക്ഷാർത്ഥികൾക്ക് | | |
|---|---|---|
| ക്രമ നമ്പർ | ഉദ്ദേശം | ഫീസ് |
| 1 | ഒന്നാം വർഷ ഇംപ്രൂവ്മെന്റ് / സപ്ലിമെന്ററി പരീക്ഷാ ഫീസ് | 175/-രൂപ (ഒരു വിഷയത്തിന്) |
| 2 | സർട്ടിഫിക്കറ്റ് ഫീസ് | 40/- രൂപ |

| കമ്പാർട്ട്മെന്റൽ പരീക്ഷാർത്ഥികൾക്ക് (ഒറ്റത്തവണ രജിസ്ട്രേഷൻ) | | |
|---|---|---|
| ക്രമ നമ്പർ | ഉദ്ദേശം | ഫീസ് |
| 1 | ഒന്നാം വർഷ ഹയർസെക്കന്ററി പരീക്ഷാ ഫീസും മാർച്ച് 2022-ലെ രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷാഫീസും | 225/-രൂപ (ഒരു വിഷയത്തിന്) |
| 2 | സർട്ടിഫിക്കറ്റ് ഫീസ് (രണ്ട് എണ്ണം) | 80/- രൂപ |

| കമ്പാർട്ട്മെന്റൽ/ലാറ്ററൽ എൻട്രി/റീ അഡ്മിഷൻ പരീക്ഷാർത്ഥികൾക്ക് | |
|---|---|
| ഒന്നാം വർഷ ഹയർസെക്കന്ററി പരീക്ഷയ്ക്ക് മാതൃ സ്കൂളുകളിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | **06/08/2021** |
| സ്കൂൾ പ്രിൻസിപ്പൽമാർ ട്രഷറിയിൽ ഫീസ് ഒടുക്കേണ്ട അവസാന തീയതി | **09/08/2021** |
| 600 രൂപ ഫൈനോടുകൂടെ അപേക്ഷ സമർപ്പിക്കാവുന്ന അവസാന തീയതി | **11/08/2021** |
| ഡിപ്പാർട്ട്മെന്റ് പോർട്ടൽ വഴി പരീക്ഷാർത്ഥികളുടെ ഓൺലൈൻ രജിസ്ട്രേഷനും ചോദ്യപേപ്പർ വിശദാംശങ്ങളും അപ്‌ലോഡ് ചെയ്യുന്നതിനുമുള്ള അവസാന തീയതി | **11 /08/2021** |

പരീക്ഷാഫീസ് ഗവൺമെന്റ് ട്രഷറിയിൽ **"0202-01-102-97(02) Exam Fees"** എന്ന ഹെഡ് ഓഫ് അക്കൗണ്ടിലും സർട്ടിഫിക്കറ്റിനുള്ള ഫീസ് **"0202-01-102-97 (03) Other Receipts"** എന്ന ഹെഡ് ഓഫ് അക്കൗണ്ടിലും ഒടുക്കേണ്ടതാണ്.

**2021 ആഗസ്റ്റിലെ സേ പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ പരീക്ഷാഫീസ് ഇതോടൊപ്പം സ്വീകരിക്കേണ്ടതില്ല. അത്തരം വിദ്യാർത്ഥികൾക്ക് സേ പരീക്ഷാഫലത്തിനുശേഷം അവസരം നൽകുന്നതാണ്.**

സെക്രട്ടറി
ബോർഡ് ഓഫ് ഹയർ സെക്കന്ററി
എക്സാമിനേഷൻസ്, കേരള